ഭരണഭാഷ- മാതൃഭാഷ

## ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

സാന്നിദ്ധ്യം:ശ്രീലത ഇ എസ്

വിഷയം :- പൊതുവിദ്യാഭ്യാസം- ജീവനം - അന്തർജില്ലാ സ്ഥലംമാറ്റം 2024-25 - എൽ പി എസ്സ്റ്റി(മലയാളം) തസ്തിക - ആലപ്പുഴ ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :

1) പൊ വി ഡയറക്ടറുടെ 26/11/2024 ലെ ഡി ജി ഇ 24296 /2024-എ 1 നമ്പർ സർക്കുലർ
2) പൊ വി ഡയറക്ടറുടെ 27 /12 /2024 ലെ ഡി ജി ഇ 20836 /2024-എ 1 നമ്പര് സര്ക്കുലര്
3) അദ്ധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ
4) പൊതുസ്ഥലംമാറ്റ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റ്
5) സ ഉ (എം എസ് )94/2003/പൊ വി വ തിയതി 23/04/2003
6) സ ഉ (പി )നം 42/2012/ഉ.പ.ഭ.വ തിയതി 23/08/2012
7) ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 11.02.2025 ലെ ഡിഡിഇഎഎൽപി/7474/2024-എ5 നമ്പർ ഉത്തരവ്
8) പൊ വി ഡയറക്ടറുടെ 27/03/2025 ലെ ഡിജിഇ 20836/2024-എ1 നമ്പർ കത്ത്

### ഉത്തരവ് നമ്പർ ഡി.ഡി.ഇഎഎല്പി /7474/2025-എ5, തീയതി :28-03-2025

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1), (2) സർക്കുലർ പ്രകാരം ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിലേയ്ക്കുള്ള എൽപിഎസ്റ്റി അദ്ധ്യാപകരുടെ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് പരാമർശം (7) പ്രകാരം പുറപ്പെടുവിച്ച അന്തർജില്ലാ സ്ഥലം മാറ്റ ഉത്തരവ് റദ്ദ് ചെയ്തും പരാമർശം (8) പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന സ്കൂളിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകി നിയമിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ആലപ്പുഴ ജില്ലയിൽ എൽപിഎസ്റ്റി തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്ന് അംഗീകരിക്കുന്ന ഒരു സത്യപ്രസ്താവന ടി അദ്ധ്യാപകരിൽ നിന്ന് വാങ്ങി സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ചേർത്തതിനു ശേഷം മാത്രം വിടുതൽ ചെയ്യാൻ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. റിമോട്ട് ഏരിയയിലേക്കുള്ള സ്കൂളുകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചവർ പ്രസ്തുത മേഖലയിൽ അഞ്ച് വർഷം സേവനം പൂർത്തിയാക്കേണ്ടതാണ്.

അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷ പരിഗണിച്ചുള്ള സ്ഥലംമാറ്റം ആകയാൽ സ്ഥലംമാറ്റ ഉത്തരവ് യാതൊരു കാരണവശാലും റദ്ദ് ചെയ്യുന്നതല്ല. അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ സ്വന്തം ജില്ലയിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും 2025 ഏപ്രിൽ 30 നുള്ളിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ പരാമർശം (6) ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ നിരീക്ഷണകാലം ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ്

അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഏതെങ്കിലും സാഹചര്യത്തിൽ ബോധ്യപ്പെടുകയാണെങ്കിൽ മുൻകൂർ നോട്ടീസ് നൽകാതെ അനുവദിക്കപ്പെട്ട സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതാണ്.

| **ക്രമ നം** | **പേര്** | **തസ്തിക** | **നിലവിൽ ജോലി ചെയ്യുന്ന സ്കൂളും , ജില്ലയും** | **സ്ഥലംമാറ്റം അനുവദിക്കുന്ന സ്കൂളിൻറെ പേര്** | **റിമാർക്സ്** |
|---|---|---|---|---|---|
| 1 | രമ്യ ആർ | എൽ.പി.എസ്സ്.റ്റി | ജി എച്ച് എസ്സ്, കറുക, മലപ്പുറം | ജി യു പി എസ്സ്, എരിക്കാവ് | |
| 2 | ജോബിമോൾ ജി | എൽ.പി.എസ്സ്.റ്റി | വേങ്ങര ജി എൽ പി എസ്സ്, കൊല്ലം | ജെ ബി എസ്സ്, ചെറിയനാട് | |
| 3 | നെസിലി ജെ | എൽ.പി.എസ്സ്.റ്റി | ജി എൽ പി ജി എസ്സ്, വർക്കല തിരുവനന്തപുരം | ജി എൽ പി എസ്സ് , ചത്തിയറ | |
| 4 | ബോബിന ജോസഫ് | എൽ.പി.എസ്സ്.റ്റി | ജി എച്ച് എസ്സ്, കല്ലിങ്ങപ്പാടം, പാലക്കാട് | ജി എൽ പി എസ്സ് മിത്രക്കരി ഈസ്റ്റ് (റിമോട്ട് ഏരിയ) | പരിഗണന വിഭാഗം - 8 |

ബന്ധപ്പെട്ട പ്രധമാദ്ധ്യാപകൻ പ്രവേശന റിപ്പോർട്ട് യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Signed by Sreelatha E S
Date: 28-03-2025 15:01:36

**വിദ്യാഭ്യാസ ഉപഡയറക്ടർ**

**ആലപ്പുഴ**

സ്വീകർത്താവ്

1) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടര്
2) ബന്ധപ്പെട്ട പ്രധമാദ്ധ്യാപകർ
3) ബന്ധപ്പെട്ട അദ്ധ്യാപകർ (എച്ച്.എം മുഖേന)
4) കരുതൽ ഫയൽ